ചെയ്തുകൊടുക്കുന്നില്ല. നേരത്തെ കുറേ വീട്ടുകാർക്ക് പോക്കുവരവ് ചെയ്തു കൊടുത്തിരുന്നു. എന്നാൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടുവെന്ന കാരണത്താൽ പിന്നീട് കളക്ടർ ഇത് റദ്ദ് ചെയ്തു. ഭൂമി വാങ്ങി പത്തുമുപ്പത് വർഷങ്ങളായി താമസിക്കുന്ന നൂറോളം കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലുള്ളവർ ആയതിനാൽ അവരുടെ ഭൂമി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിന് നിയമപരമായി വലിയ തടസ്സം വരില്ലായെന്നാണ് വിശ്വസിക്കുന്നത്. ആയതിനാൽ ഈ ഭൂമി വാങ്ങിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്, ആ ഭൂമിയുടെ പോക്കുവരവ് ചെയ്ത് കൊടുത്ത് അവരെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിന് സഹായിക്കണമെന്ന് ഈ സബ്മിഷൻ മുഖേന അഭ്യർത്ഥിക്കുകയാണ്.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 1978-ൽ മഞ്ഞളൂർ പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനിയിൽ താണ്ടേക്കർ ഭൂമി വീതം ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകിയതാണ്. കാലക്രമേണ അഞ്ചും പത്തും സെന്റ് ഭൂമി വീതം അവർ കൈമാറ്റം നടത്തിയിട്ടുണ്ട്. കൈമാറ്റം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്തുകൊടുക്കുന്നില്ലായെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ എന്നുള്ള നിലയിൽ അവർ കൈമാറ്റം ചെയ്തിട്ടുള്ള, ചെറിയ ഇടങ്ങളാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് പരിഹരിച്ച് കൊടുക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യുമായി ആലോചിച്ച് ഒരു തീയതി നിശ്ചയിച്ച്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഇതിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

8 പൊതുശ്മശാന ഭൂമി കൈമാറ്റം

ശ്രീ. വി. ശശി: സർ, എട്ട് ഗ്രാമപഞ്ചായത്തുകളടങ്ങുന്ന എന്റെ മണ്ഡലത്തിലൊരിടത്തും പൊതുശ്മശാനമില്ല. ഇതുമൂലം ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഒരറുതിവരുത്തുവാൻ ആശുപത്രി ശ്മശാനമായി ഉപയോഗിച്ചിരുന്ന കിഴുവിലം വില്ലേജിലെ 99 ആർ സ്ഥലത്ത് പൊതുശ്മശാനം നിർമ്മിക്കുവാൻ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഒരു പദ്ധതിയാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തുടങ്ങുമ്പോൾ ഈ ഭൂമി സീറോ ലാൻഡ്‌ലെസ്സ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ റവന്യു വകുപ്പ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. റവന്യു വകുപ്പിന്റെ ഈ നീക്കത്തെ തടയണമെന്നാവശ്യപ്പെട്ട് ഈ ഭൂമി ശ്മശാനം നിർമ്മിക്കുവാൻ അനുവദിക്കണമെന്ന് ഉന്നയിച്ചുകൊണ്ട് 4-9-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യു വകുപ്പുമന്ത്രിക്കും കളക്ടർക്കും ജനപ്രതിനിധികളടങ്ങുന്ന ഒരു സംഘം ആളുകളുടെ നേതൃത്വത്തിൽ നിവേദനം നൽകുകയും അതിൻ പ്രകാരം ശ്മശാനം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുനൽകുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ നാട്ടുകാരെയും ജനപ്രതിനിധികളെയും അത്ഭുതപ്പെടുത്തിക്കൊണ്ട് വളരെ രഹസ്യമായി

11.00 AM]

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭൂമിക്ക് 28 പേർക്ക് പട്ടയം നൽകുകയും അവരെക്കൊണ്ട് കരമടപ്പിക്കുകയും ചെയ്തു. ഭൂമി അളന്നുകൊടുക്കാൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയപ്പോഴാണ് ഈ ഗുരുതരവീഴ്ച ബോദ്ധ്യമായത്. നാട്ടുകാർ റവന്യൂ വകുപ്പിന്റെ ഈ നീക്കത്തെ തടഞ്ഞിരിക്കുകയാണ്. റവന്യൂ വകുപ്പിലെ രജിസ്റ്ററിൽ ഈ ഭൂമി ചിറയിൻകീഴ് താലൂക്കാശുപത്രിയുടെ ശ്മശാനമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ചുറ്റുമതിൽ കെട്ടി ശ്മശാന ഭൂമി സംരക്ഷിക്കാൻ ഹൈക്കോടതി അനുവദിച്ചുകൊണ്ട് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് 26 വർഷങ്ങൾക്കുമുമ്പ് അതായത് 8-3-1988-ൽ തീരുമാനമെടുത്തതിന്റെ രേഖയും നിലവിലുണ്ട്. കേരള പഞ്ചായത്ത് ആക്ടിലെ 229-ാം വകുപ്പ് പ്രകാരം ശവം മറവ് ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ നിയന്ത്രിക്കുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം നിലനിൽക്കുമ്പോഴാണ് ഗ്രാമ പഞ്ചായത്തുകളെയൊന്നും അറിയിക്കാതെ റവന്യൂ വകുപ്പ് ഈ ഭൂമി ഏറ്റെടുത്ത് 28 പേർക്ക് പട്ടയം നൽകിയത്. ഈ നടപടി റദ്ദാക്കി പൊതുശ്മശാനം നിർമ്മിക്കുവാൻ ഭൂമി വിട്ടുനൽകണം. ഭൂരഹിതരായ 28 പേർക്ക് ചിറയിൻകീഴ് താലൂക്കിൽത്തന്നെ സർക്കാർ ഭൂമി കണ്ടെത്തി അവർക്ക് ഭൂമി നൽകുകണം. ഈ രണ്ട് ആവശ്യങ്ങളാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട ശ്രീ. വി. ശശി ഇവിടെ അവതരിപ്പിച്ച സബ്മിഷനിലൂടെ പറഞ്ഞിരിക്കുന്ന ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ചിറയിൻകീഴ് താലൂക്കിൽ കിഴുവിലം കുന്നല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 978, 979 എന്നിവയിൽപ്പെട്ട സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി 29 പ്ലോട്ടുകളാക്കി സ്കെച്ചുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. ടി സർക്കാർ ഭൂമിയിൽ സർവ്വേക്കല്ലുകൾ സ്ഥാപിക്കുന്നതിനായി താലൂക്ക് സർവ്വേയർ ഹാജരായ വേളയിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് അംഗങ്ങളും കക്ഷികളും ചേർന്ന് സർവ്വേ കല്ലുകൾ സ്ഥാപിക്കുന്നത് തടയുകയും ടി സ്ഥലം മുമ്പ് ശ്മശാനഭൂമിയായിരുന്നുവെന്നും ടി ഭൂമി വിതരണം ചെയ്യുവാൻ അനുവദിക്കുകയില്ലായെന്നും അറിയിച്ചു. തുടർന്ന് 4-9-2013-ൽ ചിറയിൻകീഴ് തഹസീൽദാർ നേരിട്ട് സ്ഥലം സന്ദർശിക്കുകയും പരിസരവാസികളോട് അന്വേഷിച്ചതിൽ നിന്ന് വളരെ വർഷങ്ങൾക്കുമുമ്പ് ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ മരിച്ച ഒരു അജ്ഞാതന്റെ മൃതദേഹം അവിടെ സംസ്കരിച്ചിട്ടുള്ളതൊഴിച്ചാൽ ടി സ്ഥലം ഒരു ശ്മശാന ഭൂമിയല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ ടി സ്ഥലത്തെ സംബന്ധിച്ച് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തും കിഴുവിലം ഗ്രാമപഞ്ചായത്തും തമ്മിൽ അവകാശതർക്കം ഉന്നയിച്ചിട്ടുള്ളതാണ്. ഈ രണ്ട് പഞ്ചായത്തുകളും ടി ഭൂമി അവരുടേതാണെന്ന് വാദിക്കുന്നുണ്ടെങ്കിലും അവകാശം തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഇവരുടെ കൈവശമില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഏറ്റെടുത്ത 29 പ്ലോട്ടുകൾ കല്ലിട്ട് തിരിക്കുന്നതിനും പട്ടയം നൽകിയ 28 കക്ഷികൾക്ക് ഭൂമി വിട്ടുനൽകുന്നതിനും 28-6-2014-ന് ടി സ്ഥലത്ത് ഹാജരാകുവാൻ തഹസീൽദാർ

LIBRARY ARCHIVES Kerala Legislative Assembly

പട്ടയ കക്ഷികളോട് പറഞ്ഞിരുന്നു. എന്നാൽ ചിറയിൻകീഴ് തഹസിൽദാരുടെ നേതൃത്വത്തിൽ പോലീസ് സന്നാഹത്തോടെ സ്ഥലത്തെത്തിയെങ്കിലും പരിസരവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ടി ഭൂമിയിൽ കയറാനോ കല്ലിടുന്നതിനോ പട്ടയകക്ഷികൾക്ക് പ്ലോട്ട് കൈമാറാനോ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഒരു ഗൂഢനീക്കവും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഇതിനകത്ത് സീറോ ലാൻഡ് ലെസ്സ് പദ്ധതി (ഭൂരഹിതരില്ലാത്ത കേരളം പദ്ധതി) യുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കേരളത്തിലങ്ങോളമിങ്ങോളം കണ്ടെത്തിക്കൊണ്ടാണ് ഇത് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഒരിഞ്ച് ഭൂമിപോലുമില്ലാത്ത പാവപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് മുമ്പോട്ടുപോകുന്നയവസരത്തിൽ ഇതുപോലെയുള്ള എതിർപ്പുകളുണ്ടായാൽ ഇതൊക്കെ അംഗീകരിക്കാൻ കഴിയുന്നതല്ല. കാരണം ഒരിഞ്ച് ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകളെ കണ്ടെത്തി സർക്കാരിന്റെ അധീനതയിലുള്ള ഭൂമി കൊടുക്കുവാൻ പോലും അനുവദിക്കുന്നില്ലെന്ന് പറയുമ്പോൾ അതൊരു ഇരട്ടത്താപ്പ് നയമാണ്. അത് ശരിയല്ല. എന്തായാലും ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇന്ന് പല നേതാക്കൻമാരുടെയും നേതൃത്വത്തിൽ പലയിടങ്ങളിലും ഇതുപോലെയുള്ള സംഭവങ്ങൾ നടക്കുകയാണ്. സർക്കാർ, ഭൂമി കണ്ടെത്തി കൊടുക്കുമ്പോൾ അതിനെ എതിർക്കുക, ഭൂമി കൊടുക്കണമെന്നാവശ്യപ്പെടുക ഇതൊക്കെ ശരിയായിട്ടുള്ള ഒരു നിലപാടല്ലെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് വ്യക്തമാക്കാനുള്ളത്.

9. സദുദ്ദേശ ലേഖനത്തിന് അവാർഡ്

ശ്രീ. പി. ഉബൈദുള്ള : സർ, വളർന്നുവരുന്ന തലമുറയിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയുടെ ഭവിഷത്തുകളെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചകളാണ് ഏതാനും ദിവസങ്ങളായി നിയമസഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. മദ്യം വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികളാണ് കഴിഞ്ഞകാലങ്ങളിൽ എക്സൈസ് വകുപ്പ് സ്വീകരിച്ചിരുന്നതെങ്കിൽ ലഹരിവിമുക്ത കേരളമെന്ന ലക്ഷ്യംവച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നത് സ്വാഗതാർഹമാണ്. മദ്യവ്യാപനം തടയുന്നതിനും മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും സഹായകരമായ രീതിയിൽ ജനങ്ങളെ ആകർഷിക്കുന്ന കലാജാഥയുൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നേരിട്ട് നടത്തിക്കൊണ്ടിരിക്കുന്നുവെന്നത് ആശ്വാസകരമാണ്. സ്കൂൾ വിദ്യാർത്ഥികളിൽപ്പോലും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതിനുപുറമെ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പുതിയ പദ്ധതിയും ശ്രദ്ധേയമാണ്. ലഹരി വിരുദ്ധ സംഘടനകളെയും സന്നദ്ധ പ്രവർത്തകരെയും ലഹരി വിരുദ്ധ

LIBRARY ARCHIVES Kerala Legislative Assembly